നടത്തുകയുണ്ടായി. പ്രസ്തുത മീറ്റിംഗിൽ ഒമ്പതാം വാർഡിൽ കൊണ്ടുവരുന്ന എല്ലാ രോഗികളെയും 24 മണിക്കൂറിനുള്ളിൽതന്നെ സൈക്യാട്രിസ്റ്റ് പരിശോധിച്ച് മാനസിക ചികിത്സ ആവശ്യമുള്ളവരെ പോലീസിന്റെ സഹായത്തോടെ മജിസ്ട്രേറ്റിനു മുന്നിൽ ഹാജരാക്കി മെന്റൽ ഹെൽത്ത് സെന്റർ പേരൂർക്കടയിലേക്ക് മാറ്റാൻ തീരുമാനിച്ചു. ഇക്കാര്യത്തിൽ ആവശ്യമെങ്കിൽ ദിവസവും പോലീസ് ആംബുലൻസിന്റെ സേവനം ലഭ്യമാക്കാനും തീരുമാനിച്ചു. രോഗം മാറിയ മറ്റുള്ളവരെ സാമൂഹ്യ നീതിവകുപ്പിന്റെ സഹായത്തോടെ പുനരധിവസിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു. 3-7-2014-ൽ ശ്രീ. കെ. മുരളീധരൻ എം.എൽ.എ.-യുടെ നേതൃത്വത്തിൽ മോണിറ്ററിംഗ് കമ്മിറ്റി കൂടുകയും ഒമ്പതാം വാർഡിലെ പ്രവർത്തനങ്ങൾ അവലോകനം നടത്തുകയും ചെയ്തു. മേൽവിലാസമുള്ള ഏകദേശം 18 പേരുടെ ലിസ്റ്റ് ഉണ്ടാക്കുകയും ജില്ലാ കളക്ടർ വഴി ബന്ധുക്കളെ കണ്ടുപിടിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. ആശുപത്രിയിലെ സുരക്ഷാ ഉദ്യോഗസ്ഥന്റെ സേവനം വാർഡിന്റെ പ്രത്യേക നിരീക്ഷണത്തിനും റൗണ്ട്സിനും ഉപയോഗപ്പെടുത്തുന്നതോടൊപ്പം പോലീസ് എയ്ഡ് പോസ്റ്റിന്റെ സേവനവും ഈ കാര്യത്തിൽ പ്രയോജനപ്പെടുത്തിവരുന്നുണ്ട്. ആരോഗ്യ വകുപ്പിനു കീഴിലുള്ള സർക്കാർ ആശുപത്രികളിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും രോഗികളുടെ സുരക്ഷയ്ക്കും വേണ്ടി പാലിക്കേണ്ട കർശന നിർദ്ദേശങ്ങൾ ആരോഗ്യ വകുപ്പു ഡയറക്ടർ എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും നൽകിയിട്ടുണ്ട്.

(ബി) എഫ്.ഐ.ആർ.-ന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

## ജലവിഭവ വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

15 (885) ശ്രീ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടെണ്ടർ ചെയ്ത് നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതും നിർമ്മാണം നടന്നു വരുന്നതുമായ പ്രവൃത്തികളുടെ പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് എത്ര കോടി രൂപയുടേതാണെന്ന് വ്യക്തമാക്കാമോ ;

(ബി) കോൺട്രാക്ടർമാർ സമർപ്പിച്ച ബില്ലുകളിൽ ഇനിയും പാസ്സാക്കി കൊടുത്തിട്ടില്ലാത്തവ ആകെ എന്ത് തുകയുടേതാണ്;

(സി) ഭരണാനുമതി നൽകിയിട്ടുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് എത്രയാണ്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നിർമ്മാണത്തിലിരിക്കുന്നതും നിർമ്മാണം പൂർത്തിയാക്കിയതും, ഭരണാനുമതി നൽകിയിട്ടുള്ളതുമായ ജലവിഭവ വകുപ്പിന്റെ പ്രവൃത്തികൾക്ക് വേണ്ടി വരുമെന്ന് കണക്കാക്കപ്പെടുന്ന മൊത്തം തുക എത്രയാണ് ; ഇതിനായി നടപ്പ ബഡ്ജറ്റിൽ എന്ത് തുക വകയിരുത്തിയിട്ടുണ്ട്, അതിൽനിന്നും നാളിതുവരെ എത്ര തുക ചെലവായിട്ടുണ്ട് ; വിശദമാക്കുമോ ?

ഉത്തരം

(എ) ജലസേചന വകുപ്പിൽ ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) കീഴിൽ ടെണ്ടർ ചെയ്ത് നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതും നിർമ്മാണം നടന്നു വരുന്നതും ഭരണാനുമതി നൽകിയിട്ടുള്ളതുമായ പ്രവൃത്തികൾക്കു വേണ്ടിവരുമെന്നു കണക്കാക്കപ്പെടുന്ന മൊത്തം തുക 274.71 കോടി രൂപയാണ്. കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ ടെണ്ടർ ചെയ്തു നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതും നിർമ്മാണം നടന്നു വരുന്നതുമായ പ്രവൃത്തികളുടെ പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് 6117.70 കോടി രൂപയും, ചീഫ് എഞ്ചിനീയർ (പദ്ധതി വിഭാഗം-2)-ന്റെ കീഴിൽ പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് 276.48 കോടി രൂപയും ചീഫ് എഞ്ചിനീയർ (പദ്ധതി വിഭാഗം-1)-ന്റെ കീഴിൽ നിർമ്മാണത്തിലിരിക്കുന്നതും, നിർമ്മാണം പൂർത്തിയാക്കിയതുമായ പ്രവൃത്തികളുടെ മൊത്തം ചെലവ് 55.06 കോടി രൂപയും ആണ്.

ഭൂജല വകുപ്പിൽ ടെണ്ടർ ചെയ്ത് നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതും നിർമ്മാണം നടന്നുവരുന്നതുമായ പ്രവൃത്തികളുടെ പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് 12,11,78,605 രൂപയാണ്.

(ബി) ജലവിഭവ വകുപ്പിൽ ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) കീഴിൽ 2013 ഡിസംബർ 31-ലെ കണക്കുകൾ അനുസരിച്ച് 95.04 കോടി രൂപയും, കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ 87.31 കോടി രൂപയും ചീഫ് എഞ്ചിനീയർ (പദ്ധതി വിഭാഗം-2)-ന്റെ കീഴിൽ 35.36 കോടി രൂപയും നൽകാനുണ്ട്. ചീഫ് എഞ്ചിനീയർ (പദ്ധതി വിഭാഗം-1)-ന്റെ കീഴിൽ കോൺട്രാക്ടർമാർ സമർപ്പിച്ച ബില്ലുകളിൽ 24.60 കോടി രൂപ ഇനിയും പാസ്സാക്കി കൊടുക്കാനുണ്ട്. ഭൂജല വകുപ്പിൽ കോൺട്രാക്ടർമാർ സമർപ്പിച്ച ബില്ലുകളിൽ 82,52,275 രൂപ കൊടുത്തു തീർക്കാനുണ്ട്.

(സി) ജലവിഭവ വകുപ്പിൽ ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) കീഴിൽ ടെണ്ടർ ചെയ്ത് നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതും നിർമ്മാണം നടന്നു വരുന്നതും ഭരണാനുമതി നൽകിയിട്ടുള്ളതുമായ പ്രവൃത്തികൾക്കു വേണ്ടിവരുമെന്നു കണക്കാക്കപ്പെടുന്ന മൊത്തം തുക 274.71 കോടി രൂപയാണ്. കേരള ജല അതോറിറ്റിയുടെ കീഴിൽ ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾക്ക് വേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

വരുമെന്ന് കണക്കാക്കപ്പെടുന്ന മൊത്തം തുക 3857.24 കോടി രൂപയും, ചീഫ് എഞ്ചിനീയർ (പദ്ധതി വിഭാഗം-2)-ന്റെ കീഴിൽ 182.04 കോടി രൂപയും ചീഫ് എഞ്ചിനീയർ (പദ്ധതി വിഭാഗം-1)-ന്റെ കീഴിൽ ഭരണാനുമതി നൽകിയിട്ടുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനു പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് 38.14 കോടി രൂപയും ആണ്. ഭൂജല വകുപ്പിൽ പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് 5.20 കോടി രൂപയാണ്.

(ഡി) ജല വിഭവ വകുപ്പിൽ ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) കീഴിൽ ടെണ്ടർ ചെയ്ത് നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതും നിർമ്മാണം നടന്നു വരുന്നതും ഭരണാനുമതി നൽകിയിട്ടുള്ളതുമായ പ്രവൃത്തികൾക്ക് വേണ്ടിവരുമെന്നു കണക്കാക്കപ്പെടുന്ന മൊത്തം തുക 274.71 കോടി രൂപയാണ്. ഇതിനായി ബഡ്ജറ്റിൽ 329.30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 31-10-2013 വരെയുള്ള കാലയളവിൽ 133.72 കോടി രൂപ ചെലവായിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ നിർമ്മാണത്തിലിരിക്കുന്നതും, നിർമ്മാണം പൂർത്തിയാക്കിയതും ഭരണാനുമതി നൽകിയിട്ടുള്ളതുമായ ജലവിഭവ വകുപ്പിന്റെ പ്രവൃത്തികൾക്ക് വേണ്ടി വരുമെന്ന് കണക്കാക്കപ്പെടുന്ന മൊത്തം തുക 6834.458 കോടി രൂപയാണ്. ഇതിനായി നടപ്പു ബഡ്ജറ്റിൽ മൊത്തം 653.80 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ നവംബർ മാസം വരെ 289.94 കോടി രൂപ ചെലവായിട്ടുണ്ട്.

ചീഫ് എഞ്ചിനീയർ (പദ്ധതി വിഭാഗം-2) ന്റെ കീഴിൽ നിർമ്മാണത്തിലിരിക്കുന്നതും, നിർമ്മാണം പൂർത്തിയാക്കിയതും, ഭരണാനുമതി നൽകിയിട്ടുള്ളതുമായ ജലവിഭവ വകുപ്പിന്റെ പ്രവൃത്തികൾക്ക് വേണ്ടിവരുമെന്നു കണക്കാക്കപ്പെടുന്ന മൊത്തം തുക 254.84 കോടി രൂപയും ഇതിനായി നടപ്പു ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത് 103.53 കോടി രൂപയും, അതിൽ നിന്നും നാളിതു വരെ ചെലവാക്കിയത് 70.28 കോടി രൂപയുമാണ്. ചീഫ് എഞ്ചിനീയർ (പദ്ധതി വിഭാഗം-1)-ന്റെ കീഴിൽ നിർമ്മാണത്തിലിരിക്കുന്നതും നിർമ്മാണം പൂർത്തിയാക്കിയതും ഭരണാനുമതി നൽകിയിട്ടുള്ളതുമായ ജലവിഭവ വകുപ്പിന്റെ പ്രവൃത്തികൾക്ക് വേണ്ടിവരുമെന്ന് കണക്കാക്കപ്പെടുന്ന മൊത്തം തുക 324.73 കോടി രൂപയും, ഇതിനായി നടപ്പു ബഡ്ജറ്റിൽ വകയിരുത്തിയ തുക 33.02 കോടി രൂപയും. നാളിതുവരെ ചെലവായ തുക 5.62 കോടി രൂപയും ആണ്. ഭൂജല വകുപ്പിൽ ടെണ്ടർ ചെയ്ത് നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതും നിർമ്മാണം നടന്നുവരുന്നതും ഭരണാനുമതി നൽകിയിട്ടുള്ളതുമായ പ്രവൃത്തികൾക്കു വേണ്ടി വരുമെന്നു കണക്കാക്കപ്പെടുന്ന മൊത്തം തുക 5.20 കോടി രൂപയാണ്. ഇതിനായി നടപ്പു ബഡ്ജറ്റിൽ 4 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നാളിതുവരെ വിവിധ ജില്ലകൾക്കായി 3.18 കോടി രൂപ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly